ശ്രീ. പി. കെ. വേലായുധൻ: സാധാരണഗതിയിൽ ഗവൺമെന്റ് ഒരു കമ്മീഷനെ നിയമിക്കുകയും കമ്മീഷന്റെ റിപ്പോർട്ട് ഗവൺമെന്റിനു കിട്ടുകയും ചെയ്തുകഴിഞ്ഞാൽ ഗവൺമെന്റ് അതിൻമേൽ തീരുമാനമെടുക്കുകയും ആ കാര്യം നിയമസഭയിൽ അറിയിക്കുകയും ചെയ്യും. ആ റിപ്പോർട്ടിൻമേൽ എന്ത് നടപടിയെടുത്തു എന്നതിനെ സംബന്ധിച്ച് ഇപ്പോഴം സഭയിൽ പറയുന്നത് ഉചിതമല്ല എന്നു കരുതുകയാണ്.

ശ്രീ. പി.സി. തോമസ് (കടുത്തുരുത്തി): മേഖലാടിസ്ഥാനത്തിൽ ഈ കോർപ്പറേഷൻ വിഭജിച്ച് അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണം എന്ന് ഗവൺമെന്റ് തീരുമാനിച്ചു. ഇതു സംബന്ധിച്ച് ഇപ്പോഴം ചെയ്തിട്ടുള്ള നടപടികം എന്തൊക്കെയാണ്?

ശ്രീ. പി.കെ. വേലായുധൻ: ഞാൻ നേരത്തേ പറഞ്ഞു, കമ്മീഷന്റെ റിപ്പോർട്ടിൻമേൽ ഗവൺമെന്റ് അന്തിമമായ തീരുമാനം എടുക്കാനിരിക്കുന്നതേയുള്ളു. പല കോർണറുകളിൽനിന്നും കെ.എസ്.ആർ.ടി.സി. മൂന്നു മേഖലകളായി തിരിക്കണമെന്നും പുതിയ കമ്പനികം തുടങ്ങണമെന്നും നിർദ്ദേശങ്ങം ഉണ്ടായിട്ടുണ്ട്. ഗവൺമെന്റ് ഇത്തരം കാര്യങ്ങളെക്കുറിച്ച് തീരുമാനമെടുക്കുമ്പോഴം ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം പരിഗണിക്കാം.

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി): ഇപ്പോഴം ഈ കോർപ്പറേഷന്റെ പ്രവർത്തനം ജനങ്ങൾക്ക് പ്രയോജനപ്രദമല്ല. ഇത് കുറേക്കൂടി ജനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കൂടുതൽ ടയറുകളും സ്പെയർ പാർട്ടുകളും വാങ്ങി സർവ്വീസ് മെച്ചപ്പെടുത്താൻ ശ്രമിക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: തീർച്ചയായും. ടയറുകം, ഗ്ലാസുകം, കർട്ടൻ തുടങ്ങിയ സാധനങ്ങം ഇല്ലാത്തതുകൊണ്ട് ഓടാതിരിക്കുന്ന വാഹനങ്ങം ഓടിക്കാൻ കെ.എസ്.ആർ.ടി.സി.യെ സഹായിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അടുത്ത അവസരത്തിൽ ഒരുകോടി രൂപ ഈ ഇനത്തിൽ ഗവൺമെന്റ് കെ.എസ്.ആർ.ടി.സി.ക്ക് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ട് തീർച്ചയായും ടയർ മുതലായവ ഇല്ലാതിരിക്കുന്ന വാഹനങ്ങം ഓടിപ്പിക്കാൻ കഴിയും.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങം

ബി.ഡി.സി. കളുടെ പുനഃസംഘടന

* 87 [89] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. എം.കെ. കേശവൻ:
,, കെ.ഇ. ഇസ്മയിൽ:
,, കെ.ടി.കണാരൻ:

ഡോക്ടർ എ. സുബ്ബറാവു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബി.ഡി.സി.കം എന്നാണ് പിരിച്ചു വിട്ടത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബ്ലോക്കുകൾ വഴിയുള്ള വികസന പ്രവർത്തനങ്ങൾ നിശ്ചയിക്കുവാൻ ബി.ഡി.സി.കൾ നിലവിലില്ലാത്തതിനാൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബി. ഡി.സി.കൾ പുനഃസംഘടിപ്പിക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) 4-4-1983.

(ബി) വികസനപ്രവർത്തനങ്ങൾ നിശ്ചയിക്കുന്നതിന് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ബ്ലോക്കു വികസന സമിതികളിൽ ഓരോ ബ്ലോക്കിലുമുള്ള പഞ്ചായത്തുപ്രസിഡൻറുമാരെക്കൂടി ഉൾപ്പെടുത്തേണ്ടതുണ്ട്. ഇപ്പോൾ പഞ്ചായത്തുകളിൽ തെരഞ്ഞെടുക്കപ്പെട്ട പ്രസിഡൻറുമാരില്ലാത്തതിനാലാണ് പുനഃസംഘടിപ്പിക്കുവാൻ കഴിയാത്തത്.

തൊഴിലാളി ക്ഷേമനിധികൾ

*88 [90] ശ്രീ. സി.കെ. തങ്കപ്പൻ:

,, കെ.പി. അരവിന്ദാക്ഷൻ:

,, ഇ. പത്മനാഭൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികളുടെയും തൊഴിലുടമകളുടെയും വിഹിതം വ്യവസ്ഥചെയ്തുകൊണ്ടുള്ള ഏതെല്ലാം തൊഴിലാളി ക്ഷേമനിധികൾ ഇപ്പോൾ പ്രവർത്തനനിരതമായിട്ടുണ്ടെന്നു വെളിപ്പെടുത്താമോ;

(ബി) ഈ ക്ഷേമനിധികളുടെ വരവു ചിലവു കണക്കുകൾ ഗവൺമെൻറിൻെറ ആഡിറ്റ് വകുപ്പിൻെറ പരിശോധനയ്ക്കു വിധേയമാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഈ തൊഴിലാളി ക്ഷേമനിധികൾ സ്റ്റാറ്റ്യൂട്ടറി സ്ഥാപനമായതുകൊണ്ട് അവയിൽ ഗവൺമെൻറ് വകുപ്പിൻെറ ആഡിറ്റ് നിർബന്ധമാക്കുമോ?

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) തൊഴിലാളികളുടെയും തൊഴിലുടമകളുടെയും വിഹിതം വ്യവസ്ഥചെയ്തുകൊണ്ട് കേരള കള്ളു ചെത്തുവ്യവസായ ക്ഷേമനിധി ബോർഡ്, കേരള തൊഴിലാളി ക്ഷേമനിധിബോർഡ്, കേരളാ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്, കേരളാ ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ നാലു ക്ഷേമനിധിബോർഡുകൾ ഇപ്പോൾ പ്രവർത്തന നിരതമായിട്ടുണ്ട്.

(ബി) കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന് ഗവൺമെൻറ് കോൺട്രിബ്യൂഷൻ കൊടുക്കുന്നതുകൊണ്ട് ഗവൺമെൻറിൻെറ പരിശോധനയ്ക്കു വിധേയമാക്കിയിട്ടുണ്ട്. മറ്റുള്ളവ വിധേയമാക്കിയിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly